മി. സ്പീക്കർ: ഓർഡർ, ഓർഡർ....., സർവ്വശ്രീ വി. ടി. ബൽറാം, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ടു പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് മരണമടഞ്ഞ കേസിലെ പ്രതികൾക്കുവേണ്ടി പാലക്കാട് ജില്ലാ ശിശുക്ഷേമ സമിതി അദ്ധ്യക്ഷൻ ഹാജരായതും അന്വേഷണം അട്ടിമറിക്കാൻ ഇടയായതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചാണ് നോട്ടീസിൽ പരാമർശിച്ചിരിക്കുന്നത്. ഇക്കാര്യം അടിയന്തരപ്രമേയത്തിന്റെ പരിധിയിൽ വരുന്നതായും അടിയന്തരമായിട്ടുള്ളതായും തോന്നുന്നില്ല. ഇതേ വിഷയം ഒന്നിലേറേ തവണ അടിയന്തരപ്രമേയമായും അല്ലാതെയും ഇവിടെ വരികയും സർക്കാർ നിലപാട് സഭയെ അറിയിക്കുകയും ചെയ്തതാണ്. പുതിയതായി എന്തെങ്കിലും സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതേ വിഷയത്തിൽ തന്നെ ശ്രീ. ഷാഫി പറമ്പിലിന്റെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായുള്ള വിശദീകരണക്കുറിപ്പ് ഞാൻ വായിക്കാം - പോലീസും പ്രോസിക്യൂഷനും തങ്ങളെ മനഃപൂർവ്വം കളിപ്പിക്കുന്നുവെന്നാണ് പെൺകുട്ടികളുടെ അമ്മ വെളിപ്പെടുത്തിയിരിക്കുന്നത്. പ്രതികൾക്കുവേണ്ടി

ഹാജരായ അഭിഭാഷകൻ ശിശുക്ഷേമ സമിതി ചെയർമാനായത് സംശയങ്ങളെ ശരിവയ്ക്കുന്നതും രാഷ്ട്രീയഇടപെടലുകളുടെ ഏറ്റവും വലിയ തെളിവുമാണെന്ന് ശ്രീ. ഷാഫി പറമ്പിലിന്റെ പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷൻ സഭയിൽ വരികയുണ്ടായി. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ മറുപടി മേശപ്പുറത്തുണ്ട്. അതുകൊണ്ട് പുതിയതായി ഒരു വിഷയം ഇക്കാര്യത്തിൽ വരാത്ത സാഹചര്യത്തിൽ ഒരു പ്രമേയമായി ഇത് അവതരിപ്പിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ് .....(ബഹളം)...... ചട്ടം 52(iv) പ്രകാരം ഇന്നത്തെ നോട്ടീസ് പരിഗണിക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് കേരളം ചർച്ച ചെയ്യപ്പെടുന്ന ഏറ്റവും വലിയ വിഷയമിതാണ്. ജനങ്ങൾ ഏറ്റവും കൂടുതൽ ആശങ്കാകുലരായ ഒരു വിഷയമാണ്. ഇന്ന് പാലക്കാട് ജില്ലയിൽ യു.ഡി.എഫ്. ഹർത്താൽ നടക്കുന്ന ദിവസമാണ്. മാത്രമല്ല പ്രോസിക്യൂട്ടറുടെ നിലപാടുകളെ സംബന്ധിച്ച് പുതിയ പുതിയ വിവരങ്ങൾ പുറത്തുവരികയാണ്. സാക്ഷി ഒരാൾ ആത്മഹത്യ ചെയ്ത വിവരം പുറത്തുവരികയാണ്. ഇക്കാര്യങ്ങളെല്ലാം

ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഞങ്ങൾ നോട്ടീസ് നൽകിയിട്ടുള്ളത്. ഇതുപോലുള്ള സാഹചര്യങ്ങളുണ്ടാകുമ്പോൾ ഇതേ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള അനുമതി നൽകിയ ഒരു ഡസനിലേറെ സംഭവങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ അതിന്റെ പേരുകൾ എടുത്തുപറയുന്നില്ല. അങ്ങേയ്ക്ക് വേണമെങ്കിൽ അതിന്റെ മുഴുവൻ വിശദാംശങ്ങളും ഞാൻ തരാം. ധാരാളം അവസരങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. റൂൾ 50 ഞങ്ങളുടെ അവകാശമാണ്, അത് അങ്ങ് നിഷേധിക്കാൻ പാടില്ല. കേരളം വളരെയേറെ പ്രയാസത്തോടുകൂടി നോക്കിക്കാണുന്ന അടിയന്തരപ്രാധാന്യമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് ജനങ്ങളിൽ വലിയ ആശങ്ക നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ദയവായി അങ്ങയുടെ തീരുമാനം പുനഃപരിശോധിക്കണം. ശ്രീ. വി. ടി. ബൽറാമിനെ അടിയന്തര പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി നൽകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ. ശിശുക്ഷേമ സമിതിയുടെ വിശ്വാസ്യത തകരാനിടയായ കാര്യത്തെ സംബന്ധിച്ചുമാത്രമാണ്

അദ്ദേഹത്തിന്റെ നോട്ടീസിൽ പരാമർശിച്ചിട്ടുള്ളത്. അത് ഈ സഭയിൽ അടിയന്തരപ്രമേയമായും സബ്മിഷനായും ഉന്നയിച്ച് മറുപടി കിട്ടിയ വിഷയമാണ്. പുതിയതായി ഒരു കാര്യവും വന്നിട്ടില്ല. അതിൽ അദ്ദേഹത്തിന് ഇനിയും വ്യക്തത വരുത്താനുണ്ടെങ്കിൽ ശൂന്യവേളയിൽ ആ വിഷയം ഉന്നയിക്കാൻ അവസരം കൊടുക്കാവുന്നതാണ്. അടിയന്തര പ്രമേയമായി ഇത് അനുവദിക്കാൻ നിർവ്വാഹമില്ല. ദയവായി സഭയുടെ ചട്ടങ്ങളുമായി സഹകരിക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സഭയുടെ ചട്ടങ്ങളനുസരിച്ച് തന്നെയാണ് ആവശ്യപ്പെടുന്നത്. ബാർ കോഴ കേസുമായി ബന്ധപ്പെട്ട് എട്ടോ ഒമ്പതോ തവണ അടിയന്തരപ്രമേയം അനുവദിച്ചിട്ടില്ലേ? അങ്ങനെ എത്രയോ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: അതിനെ സംബന്ധിച്ച് ഒരു പരിശോധന വേണമെങ്കിൽ വേറെ നടത്താം. ഇവിടെ വന്ന വിഷയത്തിൽ പുതിയതായി ഒരു വിവരം ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, പുതിയതായിട്ടുള്ള വിവരങ്ങളുണ്ട്. ആത്മഹത്യ ഉൾപ്പെടെയുള്ള വിവരങ്ങളുണ്ട്. ഞങ്ങൾക്ക് പറയാനുള്ള അവസരം

തരണം.

<u>മി. സ്പീക്കർ</u>: ഈ വിഷയത്തിൽ അദ്ദേഹത്തിന് വ്യക്തത വരുത്താൻ ശൂന്യവേള തീരുന്നതിനുമുമ്പ് അവസരം കൊടുക്കാം. പ്ലീസ്, പ്ലീസ്, ദയവായി സഹകരിക്കുക......(ബഹളം)......പുതിയതായി ഒരു വിഷയവും ശ്രദ്ധയിൽ വന്നിട്ടില്ല. നോട്ടീസിൽ അതുസംബന്ധിച്ച് പറഞ്ഞിട്ടില്ല. പുതിയതായി എന്തെങ്കിലുമുള്ളതായി അദ്ദേഹം ചെയറിനെ വന്ന് കണ്ട് ബോധ്യപ്പെടുത്തിയിട്ടില്ല. എന്തെങ്കിലും പുതിയ വിഷയമുള്ളതായി ശ്രീ. വി. ടി. ബൽറാമും എന്നോട് പറഞ്ഞിട്ടില്ല. ഒരു നോട്ടീസ് അവിടെ കൊണ്ടുവന്ന് തന്നിട്ടുപോയി. ശ്രീ. വി. ടി. ബൽറാമിന് പുതിയതായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ എന്റെയടുത്ത് പറയാമായിരുന്നു. ഒന്നും പറഞ്ഞിട്ടില്ല...... (ബഹളം)...... ദയവായി നിങ്ങൾ സഹകരിക്കണം. പഴയ കാര്യങ്ങൾ വേണമെങ്കിൽ വേറെ പരിശോധിക്കാം. ഇതിലെന്തെങ്കിലും വ്യക്തത വരുത്താനുണ്ടെങ്കിൽ ശൂന്യവേളയിൽ അദ്ദേഹത്തിന് ഇത് ഉന്നയിക്കാൻ അവസരം കൊടുക്കാം. അടിയന്തരപ്രമേയം അനുവദിക്കാൻ നിർവ്വാഹമില്ല. ദയവായി സഹകരിക്കണം. അടുത്ത അജണ്ടയിലേയ്ക്ക് കടക്കുകയാണ്.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന്

മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

(യു.ഡി.എഫ്. അംഗങ്ങൾ തിരിച്ച് അവരവരുടെ സീറ്റുകളിൽ പോയിരുന്നു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങയുടെ തീരുമാനം വളരെ ദൗർഭാഗ്യകരമായിപ്പോയി. അങ്ങയോട് എല്ലാ ബഹുമാനവും വച്ച് ഞാൻ പറയാം. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷം ഒരേ വിഷയത്തെ സംബന്ധിച്ച് ഒരു ഡസൻ തവണ അടിയന്തരപ്രമേയം അവതരിപ്പിച്ചതിന്റെ ലിസ്റ്റ് എന്റെ കൈയിലുണ്ട്. ഇന്ന് കേരളം മുഴുവൻ ശ്രദ്ധിക്കുന്ന വിഷയമാണിത്. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആശങ്കയുള്ള ഒരു വിഷയമാണ്. ഈ ലിസ്റ്റ് വേണമെങ്കിൽ ഞാൻ അങ്ങേയ്ക്ക് തരാം. ഏതായാലും അങ്ങ് ഇത് അനുവദിക്കാത്തതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തരപ്രമേയം നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ വിട്ടുപുറത്തുപോയി.)

(സഭ വിട്ട് പുറത്തുപോയ യു.ഡി.എഫ്. അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)